LIBRARY ARCHIVES Kerala Legislative Assembly

മരാമത്തു വകുപ്പും മറ്റു വകുപ്പുകളും തമ്മിൽ തർക്കം നിലനിൽക്കുന്ന റോഡുകൾ

170 (5875) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ കാര്യത്തിൽ മരാമത്തുവകുപ്പും മറ്റു വകുപ്പുകളും തമ്മിൽ തർക്കം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ മൊത്തം എത്ര കിലോമീറ്റർ റോഡിനെ സംബന്ധിച്ചാണ് തർക്കമുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡുകളെ സംബന്ധിച്ച പൂർണ്ണ വിവരം സർക്കാരിന്റെ കൈവശമുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത റോഡുകളുടെ പൂർണ്ണ വിവരം ശേഖരിച്ച് ഇവ ജനങ്ങൾക്ക് പ്രയോജനകരമാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) റോഡിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി നിലനിന്നിരുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായാണ് പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലിരുന്ന 13011 കി.മീ. റോഡുകളിൽ നിന്നും 7385 കി.മീ. റോഡുകൾ മാത്രം പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തികൊണ്ട് 14-8-2009-ലെ സ.ഉ.(എംഎസ്.) 52/09/പൊ.മ.വ. ഉത്തരവും പിന്നീട് 25-3-2010-ലെ SRO No.348/2010 പ്രകാരം നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചത്. ഈ ലിസ്റ്റ് റിവ്യൂവിന് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പൊതുമരാമത്ത് വകുപ്പ് വിട്ടു നൽകിയ 4034 കി.മീ. റോഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇനിയും ഏറ്റെടുത്തിട്ടില്ല. ഈ റോഡുകൾ ഗതാഗത യോഗ്യമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

ചേർത്തല മുതൽ അരൂർ വരെയുള്ള നാലുവരി പാതയുടെ മീഡിയൻ സൗന്ദര്യവൽക്കരണം

171 (5876) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47-ൽ ചേർത്തല മുതൽ അരൂർ വരെയുള്ള നാലുവരി പാതയുടെ മീഡിയൻ കാടുപിടിച്ചുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മീഡിയൻ സൗന്ദര്യവൽക്കരണം സംബന്ധിച്ച് ദേശീയ പാത എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ ഒരു പ്രോജക്ട് തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന് റോഡ് സുരക്ഷാ സമിതിക്ക് അനുമതി നൽകുമോ ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത എസ്റ്റിമേറ്റ് റോഡു സുരക്ഷാ അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

റോഡുകൾ കുഴിക്കുന്നതിന് അനുവാദം

172 (5877) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകൾ എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് സാധാരണയായി കുഴിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) റോഡുകൾ കുഴിക്കുന്നതിന് അനുവാദം ലഭിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിബന്ധനകൾ യഥാസമയം പാലിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കുടിവെള്ള പദ്ധതികളുടെ പൈപ്പ് സ്ഥാപിക്കൽ, ഭൂഗർഭ വൈദ്യുതി കേബിളുകൾ സ്ഥാപിക്കൽ, ഒപ്ടിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കൽ, സീവറേജ് ലൈൻ സ്ഥാപിക്കൽ എന്നീ ആവശ്യങ്ങൾക്കാണ് സാധാരണ റോഡുകൾ കുഴിക്കുന്നത്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 27-5-2009-ലെ സർക്കാർ ഉത്തരവ് (സാധാ) 684/09/പൊ.മ.വ. പ്രകാരവും സ്വകാര്യ സ്ഥാപനങ്ങൾക്ക് 23-6-2010-ലെ സ.ഉ.(സാധാ) 467/10/പൊ.മ.വ. പ്രകാരവും റോഡ് കുഴിക്കുന്നതിന് നിബന്ധനകൾ ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കേസുകളിൽ നിലവിലുള്ള ചട്ടങ്ങൾ ഉപയോഗിച്ച് നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ എക്സി. എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്